[പ്രതിപക്ഷ ഉപനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപസമയത്തിനുശേഷം സഭയിൽ തിരിച്ചു വരികയും ചെയ്തു.]

V സബ്മിഷൻ

(1) ഖാദിതൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, എനിക്ക് വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് കേരളത്തിലെ ഖാദിതൊഴിലാളികൾ നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മയെക്കുറിച്ചാണ്. കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കു മുമ്പ് 30,000 ത്തോളം തൊഴിലാളികൾ ഈ മേഖലയിലുണ്ടായിരുന്നു. ഇന്ന് അത് 15,000 ആയി ചുരുങ്ങിയിരിക്കുകയാണ്. ഇന്ന് ഏകദേശം 346 - ഓളം ഉൽപ്പാദന കേന്ദ്രങ്ങളാണ് മൊത്തം ബോർഡിന്റെ കീഴിലുള്ളത്. അതിൽ 244 എണ്ണം നൂൽനൂൽപ്പ് കേന്ദ്രങ്ങളാണ്. 102 എണ്ണം തുണി നെയ്ത്തു കേന്ദ്രങ്ങളാണ്. ഈ 244 നൂൽനൂൽപ്പ് കേന്ദ്രങ്ങളിലും കൂടി ഉൽപ്പാദിപ്പിക്കുന്ന ഏകദേശം 5 കോടിയോളം രൂപയ്ക്ക് വരുന്ന നൂല് കെട്ടികിടക്കുകയാണ്. കേരളത്തിലുള്ള തുണിനെയ്ത്തു കേന്ദ്രങ്ങളിൽ ആവശ്യമായ കൂലിയില്ലാത്തതുകൊണ്ട് ഈ മേഖലയിൽ തൊഴിലാളികളെ കിട്ടുന്നില്ല. റെഡിമെയ്ഡിന് വാർഫ് ഇല്ലാത്തതുകൊണ്ട് തുണി നെയ്ത്ത് നടക്കാത്ത സ്ഥിതിയാണ്. ഉണ്ടാക്കിയ തുണിതന്നെ കെട്ടിക്കിടക്കുകയാണ്. 1977 വരെ കേരളത്തിലെ ഡിപ്പാർട്ടുമെന്റുകൾക്കാവശ്യമുള്ള കോട്ടണും ബെഡ് ഷീറ്റുകളും മറ്റും മൊത്തമായി ഈ കേന്ദ്രങ്ങളിൽ നിന്നായിരുന്നു വാങ്ങിയിരുന്നത്. 1977-നുശേഷം അത് കെട്ടിക്കിടക്കുകയാണ്. അതുകൊണ്ട് ഇതിനൊരു പരിഹാരം കാണാൻ പഴയമാതിരി ഈ കേന്ദ്രങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കോട്ടണും ഷീറ്റുകളും ആരോഗ്യവകുപ്പ് വാങ്ങുന്നതിനുള്ള നടപടിയുണ്ടാകണം. അതുപോലെ തന്നെ തുണിനെയ്ത്തു തൊഴിലാളികൾക്ക് ഇൻസെന്റീവ് കൊടുക്കാൻ തയ്യാറാകണം. ഇന്ന് 16 രൂപയാണ് കൂലി കിട്ടുന്നത്. അതുകൊണ്ട് അവർക്ക് ചെറിയ ഇൻസെന്റീവ് കൊടുത്തുകൊണ്ട്, ഒന്നരക്കോടി രൂപ വിനിയോഗിച്ചാൽ 15,000 തൊഴിലാളികൾ ഈ മേഖലയിൽ രക്ഷപ്പെടും. ഇന്ന് പല സെന്ററുകളും പൂട്ടിക്കിടക്കുന്നു. അവരുടെ ഉൽപ്പന്നങ്ങൾ സർക്കാർ വകുപ്പുകൾ കാട്ട സിസ്റ്റം വച്ച് ഏറ്റെടുക്കാനും റെഡിമെയ്ഡ് വാർഫുകൾ നൽകാനും കഴിയുന്ന തരത്തിൽ ഇടപെടണമെന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

കേരളത്തിലെ ഖാദി വ്യവസായ ബോർഡിന്റെ കീഴിലുള്ള ഉൽപ്പാദന കേന്ദ്രങ്ങളിൽ ഏകദേശം നാലരക്കോടി രൂപയുടെ നൂൽ കെട്ടിക്കിടക്കുന്നതായി കണക്കാക്കിയിരിക്കുന്നു. പ്രവർത്തന മൂലധനത്തിന്റെ ഒരു വിഭാഗം നൂലായി കെട്ടികിടക്കുന്ന ഈ അവസ്ഥയിൽ നൂൽപ്പ് തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വരുന്നു. ഉൽപ്പാദിപ്പിക്കപ്പെടുന്ന നൂലിന്റെ 40 ശതമാനത്തോളം മാത്രമേ തുണിയായി മാറ്റാൻ കഴിയുന്നുള്ളു. നെയ്ത്തുമേഖലയിലെ കൂലി കുറവ് കാരണം ഖാദി നെയ്ത്തിന് തൊഴിലാളികളെ കിട്ടാൻ പ്രയാസം നേരിടുന്നുണ്ട്. പരിശീലനം ലഭിച്ച തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കൂടുതൽ കൂലി ലഭിക്കുന്ന കൈത്തറി മേഖലയിലേയ്ക്ക് മാറിപ്പോകുന്നു. നെയ്ത്തുതൊഴിലാളികളെ ഈ മേഖലയിൽ പിടിച്ചു നിർത്താൻ ഇൻസെന്റീവ് അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. നൂൽകെട്ടിക്കിടക്കുന്ന പ്രതിഭാസം ശാശ്വതമായി പരിഹരിക്കാൻ ഉൽപ്പാദിപ്പിക്കുന്ന നൂല് മുഴുവൻ തുണിയാക്കാനുള്ള നടപടികൾ ഖാദിബോർഡ് സ്വീകരിച്ചുവരുന്നു. നെയ്ത്തുമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തറികൾ നവീകരിക്കാനും വൈവിദ്ധ്യമാർന്ന നൂതനമായ ഡിസൈനുകളോടുകൂടിയ തുണികൾ നിർമ്മിക്കാനും അതിലൂടെ ഖാദി വിപണനം ശക്തിപ്പെടുത്താനും തീരുമാനമായിട്ടുണ്ട്. അതിന് ആവശ്യമായ പ്രവർത്തനഫണ്ട് ലഭ്യതയനുസരിച്ച് നൽകുന്നതാണ്. നിലവിലുള്ള നെയ്ത്തുതൊഴിലാളികളുടെ പ്രവർത്തന ദിനങ്ങളിലെ മൂന്നിലൊന്നു ഭാഗം പാവ് നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. ഇതൊഴിവാക്കി റെഡിമെയ്ഡ് വാർഫ് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ബോർഡ് രൂപം നൽകിവരുന്നു. കൂടാതെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് കെട്ടിക്കിടക്കുന്ന ബാൻഡേജും കോട്ടണും എടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വളരെ സഹായകമായ നിലപാടാണ് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഇതിന് ബഹുമാനപ്പെട്ട ഹെൽത്ത് മിനിസ്റ്റർ പ്രത്യേക താൽപ്പര്യം എടുത്തിട്ടുണ്ട്. അടിയന്തിര പരിഹാരമുണ്ടാകുമെന്നാണ് വിശ്വാസം.

11 A.M] (2) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ വികസനം

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ടൈറ്റാനിയം ഫാക്ടറിയെ സംബന്ധിച്ചുള്ള കാര്യമാണ്. 1950-ൽ ഉൽപ്പാദനം ആരംഭിച്ചു. പ്രതിദിനം അന്ന് 5 ടൺ ഉൽപ്പാദനം ഉണ്ടായിരുന്നു. 1960-ൽ 18 ടൺ ആയി. 1973-ൽ 68 ടൺ, ആ നിലയിൽ വികസനം ഉണ്ടായി. ഇതിനകംതന്നെ കമ്പനി 490 കോടിരൂപ വിവിധ ഇനങ്ങളിലൂടെ സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ട്. പുതിയ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റവുമധികം ഭീഷണിയും മൽസരവും ഇപ്പോൾ നേരിടേണ്ടി വരികയാണ്. ഇത്തവണ ബഡ്ജറ്റിൽ 35 ശതമാനമായി ഇറക്കുമതി ചുങ്കം കുറച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ നിരന്തരമായ ഇടപെടലിലൂടെയാണ് ഈ സ്ഥാപനം ഇപ്പോൾ നിലനിൽക്കുന്നത്. ഉൽപ്പാദന രംഗത്ത് ശക്തമായ മാറ്റങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. 1973-ലെ സ്ഥാപിതശേഷിയായ 24,500 ടൺ കൈവരിക്കാൻ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. 10,000 ടൺ എങ്കിലും റൂട്ടൈൽ ഗ്രേഡ് പിഗ്മെന്റ് പ്രതിവർഷം ഉൽപ്പാദിപ്പിക്കേണ്ടിവരുന്നു. ആധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കണം. മാനേജുമെന്റ് ശക്തമാക്കണം. ഉൽപ്പന്നം നേരിട്ട് വിപണനം നടത്തുന്നതിന് അനുമതി നൽകണം. ടൈറ്റാനിയം ഡൈ ഓക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന കെ. എം. എം. എൽ- നെ നേരിട്ടും ടി. ടി. പി. ഏജൻസി മുഖാന്തിരവുമുള്ള വിപണനം ടി. ടി. പി. യിൽ അപകട സാധ്യത ത്വരിതപ്പെടുത്തുന്നു. 1979-ൽ കെ. എസ്. ഐ. പി. ടി. സി ആരംഭിച്ചതിനുശേഷം ഉപഭോക്താക്കളുമായി ടി. ടി. പി. ക്ക് നേരിട്ട് ബന്ധപ്പെടാനോ, പരാതികളും പ്രശ്നങ്ങളും മനസിലാക്കാനോ കഴിയുന്നില്ല. മലിനീകരണ പ്രശ്നവും അവിടെയുണ്ട്. പ്രാദേശിക ജനതയുടെ സഹകരണത്തോടുകൂടി ആവശ്യമായ വികസന പ്രവർത്തനങ്ങളും മലിനീകരണ നിവാരണ പ്രവർത്തനങ്ങളും കൈക്കൊള്ളേണ്ടതുണ്ട്. 1995-ജനുവരി

LIBRARY ARCHIVES Kerala Legislative Assembly